പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3070

19-06-2018 ൽ മറുപടിക്ക്

## വെളിയണ്ണൂർ ചല്ലി പാടശേഖരത്തിൽ നിലമൊരുക്കിയതിന് സബ്സിഡി

ചോദ്യം
ശ്രീ.കെ.ദാസൻ

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വെളിയണ്ണൂർ ചല്ലി പാടശേഖരത്തിലെ ഒറ്റക്കണ്ടം ഭാഗത്ത് കൃഷിക്ക് നിലമൊരുക്കിയതിന് പമ്പിംഗ് നടത്തിയ വകയിൽ സബ്സിഡി തുക അനുവദിച്ച് കൊടുക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിവേദനത്തിൻമേൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത് ; | (ബി) | ഈ പാടശേഖരത്തിൽ ആദ്യമായി തരിശുനില കൃഷിക്കുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കൃഷി ചെയ്തിട്ടുള്ളത്. പമ്പിംഗ് സബ്സിഡി അനുവദിക്കുന്നത് പുഞ്ച സ്പെഷ്യൽ ഓഫീസ് വഴി ആയതിനാലും രണ്ടാം വർഷം മുതൽ മാത്രമേ സബ്സിഡി അനുവദിക്കുകയുള്ളൂ എന്നതിനാലും കൃഷി വകുപ്പ് മുഖാന്തിരം പമ്പിംഗ് സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാലും ഈ നിവേദനത്തിലെ ആവശ്യം പ്രത്യേക പ്രൊപ്പോസലായി വിശദമായ റിപ്പോർട്ട് സഹിതം സർക്കാരിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിക്കുകയാണ്. ആയത് പരിശോധിച്ചുവരികയാണ്. |
| (സി) | വരും കാലങ്ങളിൽ ചല്ലി പാടശേഖരത്തിൽ കൃഷി ഇറക്കാൻ വകുപ്പ് കൂടുതൽ സാമ്പത്തിക സഹായങ്ങൾ നൽകുമോ; | (സി) | നെൽകൃഷി വികസന പദ്ധതിപ്രകാരവും, ആത്മ പദ്ധതി പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പ്രകാരവും ലഭിക്കാവുന്ന പരമാവധി ആനുകൂല്യങ്ങൾ ഈ പ്രദേശത്ത് നൽകുന്നതിനു കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഈ പാടശേഖരത്തിൽ കൃഷിയിറക്കുന്നത് ഒരു പ്രത്യേക പദ്ധതിയായി കണ്ട് കൂടുതൽ സഹായം അടുത്ത വർഷം ലഭ്യമാക്കുവാനുള്ള നടപടികൾ ഉണ്ടാകുമോ ? | (ഡി) | ഈ പാടശേഖരത്തിൽ കൃഷി ഇറക്കുന്നത് ഒരു പ്രത്യേക പദ്ധതിയായി ഏറ്റെടുത്ത് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനു കൊയിലാണ്ടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ